# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1537 — 03.12.2018-ൽ മറുപടിക്ക്

### മത്സ്യഫെഡ് നിന്നും നൽകുന്ന ആനുകൂല്യങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ഹൈബി ഈഡൻ | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മത്സ്യബന്ധനത്തിനിടയിൽ മത്സ്യത്തൊഴിലാളികളുടെ വള്ളവും വലയും നഷ്ടപ്പെടുന്ന സാഹചര്യത്തിൽ മത്സ്യഫെഡിൽ നിന്നും നല്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | മത്സ്യഫെഡ് നടപ്പിലാക്കി വരുന്ന ഐ.എഫ്.ഡി.പി, എൻ.ബി.സി.എഫ്.ഡി.സി ടേം ലോൺ, എൻ.എം.ഡി.എഫ്.സി ടേം ലോൺ തുടങ്ങിയ പദ്ധതികളിൽ മത്സ്യബന്ധന ഉപകരണ വായ്പ എടുക്കുകയും മത്സ്യഫെഡ് ഇൻപുട്ട് സെക്യൂരിറ്റി സ്കീം (MISS) പദ്ധതിയിൽ പ്രീമിയം അടച്ച് അംഗമാകുകയും ചെയ്തിട്ടുള്ള ഗുണഭോക്താക്കളുടെ ഉപകരണങ്ങൾ മത്സ്യബന്ധനത്തിനിടയിൽ അപകടത്തിൽ നഷ്ടപ്പെടുകയോ, കേടു സംഭവിക്കുകയോ ചെയ്യുമ്പോൾ വ്യവസ്ഥകൾക്ക് വിധേയമായി ആനുപാതികമായ നഷ്ടപരിഹാരം നൽകി വരുന്നു. MISS പദ്ധതിയിൽ ഗുണഭോക്താക്കളല്ലാത്തവർക്ക് ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നില്ല. പദ്ധതി വ്യവസ്ഥകൾക്ക് അനുസരിച്ച് നൽകാവുന്ന പരമാവധി ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. |
| (ബി) | പ്രസ്തുത ആനുകൂല്യങ്ങൾ വളരെ കുറവായതിനാൽ ആയത് കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ